എഫ്1 / 11462 / 2019

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി : 18.09.2019
ഫോൺ : 0484- 2422227
ഇ- മെയിൽ : ddeekm@gmail.com

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ

എറണാകുളം

സ്വീകർത്താവ്

ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

സർ,

വിഷയം :പൊതു വിദ്യാഭ്യാസം - സ്പോർട്ട്സ് - 2019-2020 വർഷത്തെ സ്കൂൾ കായിക മത്സരം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :(1) 22.08.2019-ൽ ചേർന്ന കെ.എസ്.ജി.എ എക്സിക്യൂട്ടീവ് യോഗ തീരുമാനം

(2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സ്പോർട്ട്സ്(2)/28932/2019 നമ്പർ സർക്കുലർ

. . . . . . . .. . . . . . .

സൂചന (1)-ലെ തീരുമാന പ്രകാരം 2019-2020 വർഷത്തെ സംസ്ഥാനതല സ്കൂൾ സ്പോർട്ട്സ് & ഗെയിംസ് മത്സരങ്ങൾ 24.09.2019 മുതൽ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ കലണ്ടർ തയ്യാറാക്കുകയും ചെയ്തിരുന്നു. ടി കലണ്ടർ പ്രകാരം സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും, കുട്ടികളുടെ ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനും ജില്ലാ / ഉപജില്ലാ മത്സരങ്ങൾ സമയക്രമം പാലിച്ച് നടത്തുന്നതിനുമുള്ള നിർദ്ദേശം സൂചന(2) പ്രകാരവും നൽകിയിരുന്നു. സബ്ജില്ലാതലത്തിൽ മത്സരങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ട ഉത്തരവാദിത്വം സ്കൂളുകളിലെ പ്രധാനാധ്യാപകനും, കായികാധ്യാപകനും ആയിരിക്കും. വിദ്യാർത്ഥികളുടെ കായിക ഭാവി നശിപ്പിച്ചുകൊണ്ട് ടി കായികമേളയ്ക്ക് ഏതെങ്കിലും വിധത്തിൽ തടസ്സമുണ്ടാകുന്ന രീതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും. ഉപജില്ലാ മത്സരങ്ങൾ കലണ്ടർ പ്രകാരം തന്നെ നടത്തുന്നതിന് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വിദ്യാഭ്യാസ ഉപഡയറക്ടർ

എറണാകുളം

OFFICE OF THE DEPUTY DIRECTOR (EDUCATION) ★ ERNAKULAM ★ THRIKKAKKARA CIVIL STATION COCHIN - 30

MGS/18/9/19